(സി) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം വർദ്ധിപ്പിച്ച് പൊതു കടമെടുപ്പ് പരിധിക്കുള്ളിൽ നിർത്തി സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചു കൊണ്ടുവരാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നുണ്ട്. ഇതിന്റെ ഫലമായി 2005-2006-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 33.56% ആയിരുന്ന പൊതുകടം 2009-2010-ൽ 30.81% ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

വഖഫ് ഭൂമിയുടെ ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി

131 (T 1719) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ഭൂമിയുടെ ആധാരങ്ങൾക്ക് ഇപ്പോൾ രണ്ടര ശതമാനം നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ ഒഴിമുറി ആധാരങ്ങൾക്കും ഭാഗപത്രാധാരങ്ങൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഒരു ശതമാനമായി കുറച്ച സാഹചര്യത്തിൽ വഖഫാധാരങ്ങളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നൊഴിവാക്കുകയോ അല്ലെങ്കിൽ ഡ്യൂട്ടി ഒരു ശതമാനമായി കുറയ്ക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 51(എ)(ii) അനുസരിച്ചുള്ള ധനനിശ്ചയാധാരങ്ങൾക്ക് 5% നിരക്കിൽ മുദ്രവില ആവശ്യമാണ്. എന്നാൽ മതപരമായും ധർമ്മാർത്ഥമായും ചമയ്ക്കുന്ന ധനനിശ്ചയാധാരങ്ങൾക്കും, ദാനാധാരങ്ങൾക്കും ഈടാക്കേണ്ട മുദ്രവില പകുതിയായി കുറച്ചുകൊണ്ട് 15-4-1964-ലെ G.O.(MS)265/64/Rev. നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് വഖഫ് ആധാരങ്ങൾക്ക് 2.5% നിരക്കിൽ മുദ്രവില ഈടാക്കേണ്ടതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വാണിജ്യ വകുപ്പിന്റെ കാര്യക്ഷമത

132 (1720) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നവീകരണ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നവീകരണ പദ്ധതി ഫലപ്രാപ്തിയുണ്ടാക്കിയെന്ന് കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരണം നൽകുമോ ;

(സി) സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ വന്ന വർദ്ധന എപ്രകാര മാണെന്ന് വ്യക്തമാക്കുമോ ; എത്രമാത്രം വർദ്ധിച്ചു എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly